**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3725** **15-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ഓൺ ലൈൻ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് ഓൺലൈൻ സ്ഥലം മാറ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ; | (എ) | ഉണ്ട്. പൊതുസ്ഥലംമാറ്റത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനും പൊതുവായ മാനദണ്ഡങ്ങളനുസരിച്ച് സമയബന്ധിതമായി സ്ഥലംമാറ്റങ്ങൾ അഴിമതി രഹിതമായി നടപ്പാക്കുന്നതിനും വേണ്ടിയാണ് ഓൺലൈൻ സ്ഥലംമാറ്റം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഏതൊക്കെ വകുപ്പുകളിലാണ് ഓൺ ലൈൻ സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ആരോഗ്യവകുപ്പും, റവന്യൂ വകുപ്പും ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു. |
| (സി) | മറ്റ് വകുപ്പുകളിൽ ഓൺലൈൻ സ്ഥലമാറ്റം നടപ്പിലാക്കാത്തതിനുള്ള കാരണം അറിയിക്കാമോ; | (സി) | എൻ.ഐ.സി മുഖേന അതാത് വകുപ്പുകൾ സോഫ്റ്റ് വെയർ പ്രാപ്തമാക്കുന്നതിലെ കാലതാമസവും എല്ലാ തസ്തികകളും ഉൾപ്പെടുത്തി സ്പാർക്കിൽ ജീവനക്കാരുടെ വിവരങ്ങൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്യുന്നതിലെ കാലതാമസവും സ്പെഷ്യൽ റൂളിനുള്ള നടപടികൾ പൂർത്തിയാകാത്തതും ആണ് ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കാത്തതിനുള്ള കാരണങ്ങൾ |
| (ഡി) | സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളിലും ഓൺ ലൈൻ സ്ഥലം മാറ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ